# എൻ.എസ്.എസ്. പതാകാദിനാചരണം




നായർ സർവീസ് സൊസൈറ്റി ജന്മം കൊണ്ടത് 1914 ഒക്ടോബർ 31-നാണ്. ആ പുണ്യദിനത്തെ സ്മരിച്ചുകൊണ്ട് എല്ലാ വർഷവും ഒക്ടോബർ 31 എൻ.എസ്.എസ്. പതാകാദിനമായി സംസ്ഥാനത്തുടനീളം ആചരിച്ചുവരുന്നു. അതനുസരിച്ച് ഈ വർഷവും ഒക്ടോബർ 31 പതാകാദിനമായി ആചരിക്കുകയുണ്ടായി.

എല്ലാ എൻ.എസ്.എസ്. താലൂക്ക് യൂണിയൻ ആസ്ഥാനങ്ങളിലും കരയോഗങ്ങളിലും അന്നേദിവസം രാവിലെ 10 മണിക്ക് നായർ സർവീസ് സൊസൈറ്റിയുടെ പതാക ഉയർത്തുകയും ക്ഷേത്രങ്ങളിൽ പ്രത്യേക വഴിപാടുകൾ നടത്തുകയും ചെയ്തു. സംസ്ഥാനത്തിനു പുറത്തും രാജ്യത്തിനു പുറത്തും സമുദായസംഘടനകളുടെ ആഭിമുഖ്യത്തിൽ പതാകാദിനം ആചരിച്ചു.

ഈ സംഘടനയ്ക്ക് ജന്മം നല്കിയ അവസരത്തിൽ, സമുദായാചാര്യന്റെ മാതാവ് മന്നത്തു പാർവതിയമ്മ കൊളുത്തിയ ഭദ്രദീപത്തിനു മുന്നിൽനിന്ന് അദ്ദേഹം ഉൾപ്പെടെ 14 പേർ ചേർന്നു ചൊല്ലിയ പ്രതിജ്ഞ, പതാക ഉയർത്തിയതിനുശേഷം യൂണിയൻ പ്രസിഡന്റോ, കരയോഗം പ്രസിഡന്റോ, മറ്റു ഭാരവാഹികളിൽ ആരെങ്കിലുമോ ചൊല്ലിക്കൊടുക്കുകയും, മറ്റുള്ളവർ അത് ഏറ്റുചൊല്ലി പ്രതിജ്ഞ പുതുക്കുകയും ചെയ്തു.

മന്നംസമാധിമണ്ഡപത്തിൽ പുഷ്പാർച്ചനയ്ക്കുശേഷം ജനറൽ സെക്രട്ടറി ജി. സുകുമാരൻനായർ പതാക ഉയർത്തുകയും പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ചെയ്തു അവിടെ കൂടിയിരുന്ന സമുദായാംഗങ്ങൾ അത് ഏറ്റുചൊല്ലുകയും ചെയ്തു.

സമുദായത്തിന്റെ പുരോഗതിയിലൂടെ സമൂഹത്തിന്റെയും രാജ്യത്തിന്റെയും നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുക എന്ന പ്രതിജ്ഞയാണ് നായർ സർവീസ് സൊസൈറ്റിയുടേത് എന്ന് ജനറൽ സെക്രട്ടറി എടുത്തുപറഞ്ഞു. ആ പ്രതിജ്ഞ വർഷംതോറും പുതുക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയുമാണ് ചെയ്തുപോരുന്നത്. എൻ.എസ്.എസ്സിന് രാഷ്ട്രീയപാർട്ടികളോടോ മറ്റു മത-സാമുദായിക സംഘടനകളോടോ എതിർപ്പില്ല. അവർക്കും എൻ.എസ്.എസ്സിനോട് വിരോധം ഉണ്ടെന്ന് തോന്നുന്നുമില്ല എന്ന് അദ്ദേഹം തുടർന്നു പറഞ്ഞു.

എൻ.എസ്.എസ്. ആസ്ഥാനത്ത് പ്രസിഡന്റ് ഡോ. എം. ശശികുമാർ പതാക ഉയർത്തി. എൻ.എസ്.എസ്. എക്സിക്യൂട്ടീവ് കൗൺസിൽ അംഗം ഹരികുമാർ കോയിക്കൽ, ഡയറക്ടർ ബോർഡ് അംഗം അഡ്വ. വി. വിജുലാൽ, വിവിധ വകുപ്പുമേധാവികൾ, സ്റ്റാഫംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.